# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 97      28.05.2019-ൽ മറുപടിയ്ക്ക്

## നോർക്ക റിക്രൂട്ട്മെന്റ്

**ചോദ്യം**

ശ്രീ.കെ.സി.ജോസഫ്

**മറുപടി**

പിണറായി വിജയൻ

(മുഖ്യമന്ത്രി)

(എ) നോർക്കയുടെ ആഭിമുഖ്യത്തിൽ 2016 മെയ് മാസത്തിനുശേഷം ജോലിക്കായി നേഴ്സുമാർ, വീട്ടുജോലിക്കാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നീ വിഭാഗങ്ങളിൽ എത്രയാളുകളെ വിദേശത്തേയ്ക്ക് അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ: ഏതെല്ലാം രാജ്യങ്ങളിലേയ്ക്ക് എത്ര പേരെ വീതം അയച്ചുവെന്ന് വെളിപ്പെടുത്തുമോ;

(എ) നോർക്കയുടെ ആഭിമുഖ്യത്തിൽ 2016 മെയ് മാസത്തിനുശേഷം സൗദി, കുവൈറ്റ്, യു.എ.ഇ., ഒമാൻ എന്നീ രാജ്യങ്ങളിലായി 1092 പേരെ അയച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| YEARWISE DEPLOYMENT REPORT - RECRUITMENT WING | | | | | |
|---|---|---|---|---|---|
| Year | Nurses | Doctors | Technicians | House Maids | Total |
| 2016 | 326 | - | - | - | 326 |
| 2017 | 303 | 7 | 20 | 14 | 344 |
| 2018 | 170 | - | 1 | 90 | 261 |
| 2019 May 21 | 78 | - | 1 | 82 | 161 |
| | | | | TOTAL | 1092 |

(ബി) നേഴ്സുമാരുടെ റിക്രൂട്ട്മെന്റ് സംബന്ധിച്ച് നോർക്ക ഏതെല്ലാം ഗൾഫ് രാജ്യങ്ങളുമായി ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) നേഴ്സുമാരുടെ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് സൗദി ആരോഗ്യ മന്ത്രാലയവുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ചിട്ടുണ്ട്.

| | |
|---|---|
| (സി) ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) കുവൈറ്റ് ആരോഗ്യ മന്ത്രാലയവുമായി ചർച്ചകൾ പുരോഗമിച്ചു വരുന്നു. ഇതോടൊപ്പം വിവിധ രാജ്യങ്ങളിലെ നിരവധി സ്വകാര്യ ആശുപത്രികളുമായി ധാരണ പത്രത്തിൽ ഒപ്പുവെച്ച് റിക്രൂട്ട്മെന്റ് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ